പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 7227

16/07/2012-ൽ മറുപടി
നല്കേണ്ടിയിരുന്നത്

പാണ്ടനാട് എസ്.വി.സ്കൂളിന് ഭൂമി പതിച്ചുനൽകുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) 26-3-2012-ലെ റവന്യൂ & വിജിലൻസ് വകുപ്പുമന്ത്രിയുടെ വി.ഐ.പി. 655/12-ാം നമ്പർ ഫയൽ പ്രകാരം<br>പാണ്ടനാട് എസ്.വി. .സ്കൂളിന് ഭൂമി പതിച്ച് നൽകുന്നതിനുവേണ്ടി സമർപ്പിച്ച നിവേദനം സത്വര നടപടി സ്വികരിക്കുന്നതിലേക്ക് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച് കൊടുത്തിട്ടുള്ളതിന്മേൽ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ പാണ്ടനാട് വില്ലേജിൽ സ്വാമി വിവേകാനന്ദ എഡ്യൂക്കേഷണൽ & ചാരിറ്റബിൽ സൊസൈറ്റി വക സ്കൂളിന് ഭൂമി പതിച്ച് നല്കുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ വിഷയം 34225/എ2/11/റവന്യൂ എന്ന ഫയലിൽ നടപടി സ്വീകരിച്ച വരുന്നു. ഇക്കാര്യത്തിൽ ആലപ്പുഴ ജില്ലാ കളക്ടറുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ പാണ്ടനാട് വില്ലേജിൽ റീസർവെ 402/2ൽപ്പെട്ട 10.20 ആർസ് റവന്യൂ പുറമ്പോക്ക് ഭൂമി സർക്കാർ ഉത്തരവ് (എം.എസ്) 316/2009/റവന്യൂ 10/08/2009 പ്രകാരം സ്വാമി വിവേകാനന്ദ എഡ്യൂക്കേഷണൽ & ചാരിറ്റബിൽ സൊസൈറ്റി വക സ്കൂളിന് 30 വർഷത്തേക്ക് പ്രതിവർഷം ആർ ഒന്നിന് 100/- രൂപ നിരക്കിൽ പാട്ടത്തിന് നല്കി ഉത്തരവായിട്ടുള്ളതാണെന്നും, തദനുസരണം ചെങ്ങന്നൂർ തഹസീൽദാരുടെ 04/03/2010ലെ ഉത്തരവ് പ്രകാരം പ്രതിവർഷം 1020/- രൂപ നിരക്കിൽ പാട്ടം അനുവദിച്ചിട്ടുള്ളതായും, പ്രസ്തുത ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള ചമയങ്ങളെല്ലാം പാട്ടക്കാലാവധിക്കുശേഷം നിരുപാധികം പൊളിച്ച് മാറ്റിക്കൊള്ളാമെന്ന് സ്കൂൾ മാനേജർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതായും ആലപ്പുഴ ജില്ലാ കളക്ടർ |

അറിയിക്കുകയുണ്ടായി. സർക്കാർ ഉത്തരവ് (എം.എസ്) നം. 280/2011/റവന്യൂ തീയതി 27/07/2011 അനുസരിച്ച് പാട്ടഭൂമി കൈവശം വച്ചിട്ടുള്ളവരും താമസിക്കുവാൻ സ്വന്തമായി മറ്റ് ഭൂമി ഇല്ലാത്തവർക്ക് സ്വന്തമായി വീട് വയ്ക്കുന്നതിന് മാത്രം പ്രസ്തുത പാട്ടഭൂമി പതിച്ച് നല്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്നത് ചൂണ്ടിക്കാട്ടിയാണ് ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലാ കളക്ടറുടെ പ്രസ്തുത റിപ്പോർട്ടിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

| | |
|---|---|
| (ബി) നിലവിൽ ഈ ഫയലിൽ എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) ഉണ്ട്. ആലപ്പുഴ ജില്ലാ കളക്ടറുടെ 09/04/2012ലെ സി6—50654/11 പ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ ; വിശദമാക്കുമോ ;<br><br>(ഡി) നിയമതടസ്സങ്ങൾ ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഈ ഭൂമി പതിച്ച് നൽകുമെന്ന് വിശദമാക്കുമോ ? | (സി) യും (ഡി) യും<br>ഉണ്ട്.<br>സർക്കാർ ഉത്തരവ് (എം.എസ്) നം. 280/2011/റവന്യൂ തീയതി 27/07/2011 അനുസരിച്ച് പാട്ടഭൂമി കൈവശം വച്ചിട്ടുള്ളവരും താമസിക്കുവാൻ സ്വന്തമായി മറ്റ് ഭൂമി ഇല്ലാത്തവർക്ക് സ്വന്തമായി വീട് വയ്ക്കുന്നതിന് മാത്രം പ്രസ്തുത പാട്ടഭൂമി പതിച്ച് നല്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ

അനുബന്ധം 13

നമ്പർ- 50654/11


കളക്ടറേറ്റ്, ആലപ്പുഴ
തീയതി : 09/04/2012.
ഫോൺ - 0477 2251675, 2251676
ഫാക്സ് - 0477 2251720
E-mail - dcalp@kerala.nic.in
Website - www.alappuzha.nic.in


പ്രേഷിതൻ
ജില്ലാകളക്ടർ
ആലപ്പുഴ.

സ്വീകർത്താവ്
അഡീഷണൽ ചീഫ് സെക്രട്ടറി
റവന്യൂ (എ) വകുപ്പ്
തിരുവനന്തപുരം

25831 5 APR 2012 തിരുവനന്തപുരം

സർ,

വിഷയം : ഭൂമി പതിച്ചു നൽകുന്നതിന് സ്വാമി വിവേകാനന്ദ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ സൊസൈറ്റി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.

സൂചന : 1) റവന്യൂ(എ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 29/10/2011 ലെ 34225/എ2/11/റവ. നമ്പർ കത്ത്.

2) ചെങ്ങന്നൂർ തഹസിൽദാരുടെ 19/01/2012 ലെ B3-10898/06 നമ്പർ റിപ്പോർട്ട്.

P37C

മേൽസൂചനയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ചെങ്ങന്നൂർ താലൂക്കിൽ പാണ്ടനാട് വില്ലേജിൽ റീസർവ്വേ 402/2 ൽപ്പെട്ട 16.20 ആർ റവന്യൂ പുറമ്പോക്ക് ഭൂമി G.O.(M.S) 316/09/10.08.2009 പ്രകാരം സ്വാമി വിവേകാനന്ദ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ സൊസൈറ്റി വക സ്കൂളിന് ......ത്തേയ്ക്ക് പ്രതിവർഷം ആറിന് 100/- രൂപ നിരക്കിൽ പാട്ടത്തിന് ......കൊണ്ട് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിൻറെ അടിസ്ഥാനത്തിൽ ...... തഹസിൽദാരുടെ 04/03/2010 ലെ ഉത്തരവ് പ്രകാരം പ്രതിവർഷം ...... നിരക്കിൽ പാട്ടം അനുവദിച്ചിട്ടുള്ളതും പാട്ടവ്യവസ്ഥ ചിലതു ലംഘി

പ്രസ്തുത ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള ചമയങ്ങളെല്ലാം പാട്ടക്കാലാവധിക്ക് ശേഷം നിരുപാധികം പൊളിച്ചുമാറ്റിക്കൊള്ളാമെന്ന് സ്കൂൾ മാനേജർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതുമാണെന്ന് സൂചന (2) പ്രകാരം തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

27.07.2011 ലെ G.O.(M.S)280/2011/RD ഉത്തരവു പ്രകാരം പാട്ടഭൂമി കൈവശം വെച്ചിട്ടുള്ളവരും താമസിക്കാൻ സ്വന്തമായി മറ്റു ഭൂമിയില്ലാത്തതുമായവർക്ക് സ്വന്തമായി വീടുവെയ്ക്കുന്നതിനായി മാത്രം പ്രസ്തുത പാട്ടഭൂമി പതിച്ചു നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

ജില്ലാകളക്ടർക്കുവേണ്ടി
ഡെ.കളക്ടർ (എൽ ആർ)

സെക്ഷൻ ഓഫീസർ